## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6786 10.07.2014-ലെ മറുപടിക്ക്

### എ.ഐ.ഐ.എം.എസ് സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എൻ.എ. ഖാദർ | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (എ.ഐ.ഐ. എം.എസ്) സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;<br><br>ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള മാർഗരേഖ തയ്യാറാക്കി നൽകിയോ എന്നറിയിക്കാമോ; | എ)യും ബി)യും<br><br>സംസ്ഥാനത്ത് ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (എ.ഐ.ഐ.എം.എസ്) സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ അറിയിപ്പ് ലഭിച്ചിട്ടുണ്ട്. റോഡുകൾ, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതും 200 ഏക്കർ സ്ഥല സൗകര്യമുള്ളതുമായ മൂന്നോ നാലോ പ്രദേശങ്ങളാണ് സംസ്ഥാന സർക്കാർ നിർദ്ദേശിക്കേണ്ടത്. ഇതിനു ശേഷം കേന്ദ്രപ്രതിനിധികൾ പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കുകയും ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം തിരഞ്ഞെടുത്ത് കേന്ദ്രസർക്കാരിന് നിർദ്ദേശം സമർപ്പിക്കുകയും ചെയ്യും. |
| സി) ഇതിനുവേണ്ടി സ്ഥലം ഏതു രീതിയിൽ ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | സി) ഇതു സംബന്ധിച്ച തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ